# ഊരത്തൂർ എ. എൽ. പി. സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ പടിയൂർ പഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഊരത്തൂർ എ എൽ പി സ്കൂൾ. 1 മുതൽ 5 വരെ ക്ലാസ്സുകളിലായി 45 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 5 അധ്യാപകരും ജോലി ചെയ്തു വരുന്നു.

അക്കാദമിക് നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്നത് പൊതു വിദ്യാലയ സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ഓരോ ക്ലാസ്സിലേക്കും പാഠ്യ പദ്ധതി ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ഏറ്റവും ആസ്വാദ്യകരവും അർത്ഥപൂർണമായും സമഗ്രമായും പഠിതാവിലെത്തിക്കേണ്ടതുണ്ട്. വ്യക്തവും കൃത്യവുമായ ഒരു പദ്ധതി അതിനാവശ്യമാണ്. അതിനായി അധ്യാപകരും രക്ഷാകർതൃ പ്രതിനിധികളും കൂടിച്ചേർന്നുള്ള ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ചേർത്ത് വിദ്യാലയത്തെ മികവിലേക്ക് നയിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. നാടിന്റെ നന്മയ്ക്കായി നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുവാൻ നമുക്ക് ശ്രമിക്കാം.

**ലക്ഷ്യങ്ങൾ**

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടികളെ മികച്ച വായനക്കാരാക്കൽ
- പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ
- ഭൂപട വായന
- ഗണിതശേഷി വികസനം
- കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തൽ
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ
- പൊതുവിജ്ഞാനം -അറിവിൻജാലകം പരിപാടി
- ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം
- ദിനാചരണങ്ങൾ
- വിദ്യാലയത്തിലെ ജൈവ വൈവിധ്യം അഭിവൃദ്ധിപ്പെടുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുക
- കുട്ടികളിലെ കായിക ക്ഷമത ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക

**വിദ്യാലയ വികസന കാഴ്ചപ്പാട്**

അക്കാദമിക് മികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യത്തിലൂന്നി ഊരത്തൂർ എ എൽ പി സ്കൂളിന്റെ നിലവിലുള്ള അക്കാദമിക പരിമിതികളെ കണ്ടെത്തുകയും അത് പരിഹരിക്കാനുതകുന്ന ഒരു അക്കാദമിക വികസന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്യുന്നു. ശിശു സൗഹൃദവും പ്രവർത്തനാധിഷ്ഠിതവുമായ പഠനാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ ഒരു പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവനം ചെയ്യുന്നു. അക്കാദമിക പിന്തുണാ സംവിധാനങ്ങൾ SSG, PTA എന്നിവയുടെ സഹായത്തോടെ കാര്യക്ഷമമായി നടത്തിവരുന്നു. വാർഷിക കലണ്ടർ, മാസ കലണ്ടർ എന്നിവ SRG യുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയം | ഊരത്തൂർ എ. എൽ. പി. സ്കൂൾ |
| ജില്ല | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | തളിപ്പറമ്പ് |
| ഉപജില്ല | ഇരിക്കൂർ |
| താലൂക്ക് | ഇരിട്ടി |
| പഞ്ചായത്ത് | പടിയൂർ |
| ബ്ലോക്ക് | ഇരിക്കൂർ |
| വില്ലേജ് | കല്യാട് |
| ആകെ കുട്ടികൾ | 45 |
| ആകെ അധ്യാപകർ | 5 |
| ഹെഡ് മിസ്ട്രസ് | സുജാത വി ആർ |
| മാനേജർ | ഷീല എ കെ |
| ബി ആർ സി | ഇരിക്കൂർ |
| ഇ-മെയിൽ | alpsurathur@gmail.com |

**മേഖല :അക്കാദമികം** **വിഷയം :സാമൂഹ്യശാസ്ത്രം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ |
|---|---|---|---|
| ഭൂപടവായന നടത്തുന്നതിന് | ഭൂപട വായന,ദിക്ക് പരിചയപ്പെടൽ. പഞ്ചായത്ത്, ജില്ല സംസ്ഥാനം, രാജ്യം ലോകം-ഭൂപടം പരിചയപ്പെടൽ. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങൾ പരിചയപ്പെടൽ. ഭൂപടവായന നടത്തുന്നതിന്. | ജൂലൈ -ജനുവരി | അധ്യാപകർ-പി.ടി.എ |
| കേരളം-ഭൂപടം വിവര ശേഖരണം | കേരളം-ജില്ലകൾ കണ്ടെത്തൽ,നിറം നൽകൽ. ജിഗ്സോ-ജില്ലകൾ ചേർത്ത്..ഭൂപട നിർമാണം. വിനോദസഞ്ചാര കേന്ദ്രങ്ങൾ,വന്യജീവി സങ്കേതങ്ങൾ എന്നിവയുടെ പത്രവാർത്തകൾ കണ്ടെത്തി ജില്ലകളിൽ ഒട്ടിക്കൽ. | | |
| ഇന്ത്യ -ഭൂപടം | ഇന്ത്യ-ഭൂപടം-പരിചയപ്പെടൽ സംസ്ഥാനം-തലസ്ഥാനം - കണ്ടെത്തൽ (ICT). അതിരുകൾ കണ്ടെത്തൽ. കടൽത്തീരം ഉള്ള സംസ്ഥാനങ്ങൾ, കിഴക്കൻ സംസ്ഥാനങ്ങൾ, കടൽത്തീരം ഇല്ലാത്ത സംസ്ഥാനങ്ങൾ. | ജൂലൈ-ജനുവരി | അധ്യാപകർ-പി.ടി.എ |
| ലോകഭൂപടം പരിചയപ്പെടൽ വൻകര കണ്ടെത്തൽ സമുദ്രങ്ങൾ കണ്ടെത്തൽ | ലോകഭൂപടത്തിൽ വൻകര കണ്ടെത്തൽ പരിചിതമായ രാജ്യങ്ങൾ ഏത് വൻകരയിലാണെന്ന് കണ്ടെത്തൽ. ഭൂപടത്തിൽ സമുദ്രങ്ങൾ കണ്ടെത്തൽ. | | |

**മേഖല :അക്കാദമികം** **വിഷയം :മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കൽ | ചിത്രം-കഥ പൂർത്തിയാക്കൽ, പത്ര വായന , ലൈബ്രറി വിതരണം, ഭാഷാ കേളികൾ, പുസ്തക പരിചയം, ആസ്വാദന കുറിപ്പ്, ക്ലാസ് ലൈബ്രറി ഒരുക്കൽ, വായനാ മത്സരം അനുദിന കുറിപ്പ് (ഡയറി) ബാലമാസികകൾ ലഭ്യമാക്കൽ, ക്ലാസ് വായനാക്കൂട്ടം, പുസ്തക സംവാദം. | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശ വാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിൽ. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം. | വർഷത്തിൽ ഒന്ന് | CPTA |
| ദിനാചരണങ്ങൾ | എല്ലാദിനാചരണങ്ങളുടെയും പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ |

**മേഖല :അക്കാദമികം** **വിഷയം :ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള കഴിവ്. | ചിത്ര കാർഡുകൾ, അക്ഷര കാർഡുകൾ, പദ കാർഡുകൾ, വാക്യ സ്ട്രിപ്പുകൾ, പദസൂര്യൻ നിർമാണം, ചിത്രം നോക്കി കഥ വികസിപ്പിക്കൽ, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് കടംകഥകൾ, ഇംഗ്ലീഷ് കാർട്ടൂൺസ്, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് ഫെസ്റ്റ്, ICT സംവിധാനങ്ങളിലൂടെ വ്യത്യസ്ത സ്പീകിംഗ് അനുഭവങ്ങൾ നൽകൽ, | ജൂലൈ-ഫെബ്രുവരി | അധ്യാപകർ, പി ടി.എ, എസ്. എസ്. ജി |

**മേഖല :അക്കാദമികം** **വിഷയം :ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | വിവിധ തരം ഗണിത കളികൾ, വർക്ക് ഷീറ്റുകൾ, ഗണിത മാഗസിൻ, ഗണിത പസ്സിൽസ്, മനക്കണക്കുകൾ, അബാക്കസ്, ഗണിത ലാബ്, ഗണിത ലൈബ്രറി, പഠനോപകാരണങ്ങളുടെ നിർമാണം- പ്രദർശനം, പ്രശ്നോത്തരി, പാറ്റേൺ, ചുമർ പത്രികകൾ, ICT സാധ്യതകൾ. | ജൂലൈ - മാർച്ച് | അധ്യാപകർ, പി. ടി.എ, എസ്. എസ്. ജി. |

**മേഖല :അക്കാദമികം** **വിഷയം :കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ കായിക ക്ഷമത ഉറപ്പു വരുത്തുന്നതിനാവശ്യ മായ കായിക പ്രവർത്തനങ്ങൾ നടത്തുക | ഓരോ കുട്ടിയുടെയും താല്പര്യ മേഖലകൾ കണ്ടെത്തുക. കഴിവിന്റെ മേഖലയുടെ ലിസ്റ്റ് തയ്യാറാക്കൽ. വിദ്യാർത്ഥികളുടെ കായിക ക്ഷമത പരിശോധിക്കൽ. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്ക വിധം പ്രവർത്തന പദ്ധതി തയ്യാറാക്കൽ. കായിക പരിശീലനത്തിന് ദിവസവും അര മണിക്കൂർ സമയം കണ്ടെത്തൽ. കിഡ്സ് അത്‌ലറ്റിക്സ് പരിശീലനത്തിൽ ലഭിച്ച കാര്യങ്ങൾ പരിശീലിപ്പിക്കൽ. സൈക്കിൾ പരിശീലനം. സ്കൂൾ കായിക മേള സംഘടിപ്പിക്കൽ. മികച്ച കുട്ടികളെ ഉപജില്ലാകായിക മേളയിൽ പങ്കെടുപ്പി ക്കൽ. | ജൂലൈ - മാർച്ച് | അധ്യാപകർ, പി ടി എ, എസ് എസ് ജി, പ്രാദേശിക വിദഗ്ധർ . |

**മേഖല: ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.വിദ്യാലയത്തിലെ ജൈവ് വൈവിധ്യം അഭിവൃദ്ധിപ്പെടുത്തുക<br>2.പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.<br><br>3.കളിസ്ഥലം ഒരുക്കൽ | പൂന്തോട്ട നിർമാണം, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ആമ്പൽകുളം, പക്ഷികളെ ആകർഷിക്കാനുള്ള സംവിധാനമൊരുക്കൽ, ചിത്ര ശലഭോദ്യാനം വൈവിധ്യമാർന്ന സസ്യങ്ങൾ ഫലവൃക്ഷങ്ങൾ എന്നിവ വളർത്തിയെടുക്കൽ.<br><br>പാർക്ക് വിപുലപ്പെടുത്തൽ, ഫുട്ബാൾ-കോർട്ട് നിർമാണം. | ജൂലൈ - മാർച്ച് | അധ്യാപകർ, പി ടി എ, എസ് എസ് ജി, പ്രാദേശിക വിദഗ്ധർ പൂർവ വിദ്യാർത്ഥികൾ. |

**മേഖല: അക്കാദമികം** **വിഷയം :ഊർജ്ജ സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടൽ | വൈദ്യുതി-ബില്ല് ശേഖരിക്കൽ.<br>ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ലഘുലേഖകൾ വിതരണം ചെയ്യൽ.<br>വിവര ശേഖരണം.<br>ഊർജ്ജ ക്വിസ്സ് സംഘടിപ്പിക്കൽ.<br>ബോധവൽക്കരണ ക്ലാസ്സ്.<br>സ്ലൈഡ് പ്രദർശനം.<br>വൈദ്യുതി ഉപഭോഗം താരതമ്യം ചെയ്യൽ.<br>വിലയിരുത്തൽ. | ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ, പി ടി എ, എസ് എസ് ജി, പ്രാദേശിക വിദഗ്ധർ. |